# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5816
### 2019 നവംബർ 19-ന് മറുപടി നൽകേണ്ടത്
### ബില്ലുകൾ അനുവദിക്കുന്നതിലുള്ള കാലതാമസം

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | ഉത്തരം<br>ഡോ. റ്റി. എം. തോമസ് ഐസക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|
| എ) സംസ്ഥാനത്തെ സർക്കാർ നിയന്ത്രണത്തിലും, മേൽനോട്ടത്തിലുമുള്ള നിർമ്മാണ പ്രവൃത്തികളുടെ ഭാഗമായി നൽകിയിട്ടുള്ള ബില്ലുകൾ അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന തല മുൻഗണനാക്രമം പാലിച്ച് പൊതുമരാമത്ത് (റോഡ്സ് & ബ്രിഡ്ജസ്, ബിൽഡിംഗ്സ്), ജലവിഭവം എന്നീ വകുപ്പുകൾക്ക് കീഴിലുള്ള കരാറുകാരുടെ പ്രവൃത്തികളുടെ തുക തീർപ്പാക്കി വരുന്നുണ്ട്. ഈ വകുപ്പുകൾക്ക് കീഴിലുള്ള 2018 ഡിസംബർ വരെയുള്ള ബില്ലുകളുടെ തുകകൾ ഇതിനകം തന്നെ നൽകിയിട്ടുണ്ട്. 2019 മെയ് വരെയുള്ള ബില്ലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി താഴെപ്പറയും പ്രകാരമുള്ള സമയക്രമം നിശ്ചയിച്ചിട്ടുണ്ട്.<br><br>കുടിശ്ശിക കാലയളവ് — തുക നൽകുന്ന തീയതി<br>ജനുവരി 2019 — 20.11.2019<br>ഫെബ്രുവരി, മാർച്ച് 2019 — 22.01.2020<br>ഏപ്രിൽ 2019 — 21.04.2020<br>മേയ് 2019 — 19.05.2020 |
| ബി)എം.എൽ.എ മാരുടെ വികസന ഫണ്ടിന്റെ ഭാഗമായി സമർപ്പിക്കുന്ന കരാറുകാരുടെ ബില്ലുകൾ അടക്കം മാറി നൽകുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | ഹാർബർ എൻജിനീയറിംഗ്, ഇൻലാന്റ്-നാവിഗേഷൻ തുടങ്ങിയ മരാമത്ത് വകുപ്പുകളിലേയും എം.എൽ.എ മാരുടെ പ്രാദേശിക വികസന നിധി, ആസ്തി വികസന നിധി എന്നീ പദ്ധതികൾക്ക് കീഴിലേയും പ്രവൃത്തികളുടെ ബിൽ തുകകൾ അവ സമർപ്പിക്കപ്പെടുന്ന മുറയ്ക്ക് ആവശ്യമായ നടപടി ക്രമങ്ങൾ പാലിച്ച് തീർപ്പാക്കി വരുന്നുണ്ട്. |

| കുടിശ്ശിക കാലയളവ് | തുക നൽകുന്ന തീയതി |
|---|---|
| ജനുവരി 2019 | 20.11.2019 |
| ഫെബ്രുവരി, മാർച്ച് 2019 | 22.01.2020 |
| ഏപ്രിൽ 2019 | 21.04.2020 |
| മേയ് 2019 | 19.05.2020 |

അക്കൗണ്ട്സ് ഓഫീസർ